# പതിമൂന്നാം കേരള നിയമസഭ

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205 - 26.03.2013-ലെ മറുപടിക്ക്**

## പദ്ധതി വിനിയോഗം

**ചോദ്യം**

**പ്രൊഫ.സി. രവീന്ദ്രനാഥ്**
**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**
**ശ്രീ. കെ.വി. വിജയദാസ്**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സാമ്പത്തിക വർഷത്തിന്റെ അവസാനം കൂട്ടത്തോടെ പദ്ധതി തുക ചെലവഴിക്കുന്ന കാര്യത്തിൽ എന്തെങ്കിലും പുതിയ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതികൾ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനും പദ്ധതി അടങ്കലിന്റെ അധിക പങ്കും സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ചെലവഴിക്കുന്നത് ഒഴിവാക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ കൈക്കൊള്ളുന്നതാണെന്ന് 2013-2014 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.<br>I. കാലവിളംബം ഒഴിവാക്കുന്നതിന് പദ്ധതികളുടെ രൂപകല്പന ഏപ്രിൽ-മെയ് മാസങ്ങളിൽ ത്തന്നെ പൂർത്തിയാക്കുന്നതാണ്. പദ്ധതികൾ രൂപകല്പന ചെയ്യുന്നതിന് സാങ്കേതിക വിദഗ്ദരുടെ സേവനം വിവിധതലങ്ങളിൽ പ്രയോജനപ്പെടുത്തുന്നതാണ്.<br>II. വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പദ്ധതിനിർവ്വഹണത്തിൽ വിദഗ്ദപരിശീലനം ലഭ്യമാക്കുന്നതാണ്.<br>III. ഗവണ്മെന്റ് സെക്രട്ടറിമാരുടെയും വകുപ്പു മേധാവികളുടെയും പൊതുനിയന്ത്രണത്തിനു വിധേയമായി ഓരോ പദ്ധതിയുടെയും നിർവ്വഹണ ഉത്തരവാദിത്തം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കുന്നതാണ്. |

| | |
|---|---|
| | പദ്ധതി പ്രവർത്തനങ്ങൾ നിരന്തരമായി മോണിറ്റർ ചെയ്യുക എന്നത് ഇദ്ദേഹത്തിന്റെ ചുമതലയായിരിക്കും. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി നടത്തിപ്പിൽ കാര്യക്ഷമത പ്രകടിപ്പിക്കുന്ന ഉദ്യോഗസ്ഥ ന്മാർക്ക് മതിയായ പ്രോത്സാഹനവും അംഗീകാരവും നൽകുന്നതായിരിക്കും. അതോടൊപ്പം ഈ രംഗത്ത് പ്രകടിപ്പിക്കുന്ന കുറ്റകരമായ വീഴ്ചകളെ ഗവൺമെന്റ് ഗൗരവമായി കാണുന്നതും അതിനെതിരെ യുക്തവും കർശനവുമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.<br>IV. ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതി കൾക്ക് അനുമതി നല്കുന്നതും ഫണ്ടു വിതരണം നടത്തുന്നതും പദ്ധതികൾ മോണിട്ടർ ചെയ്യുന്നതുമാണ്.<br>V. ബഡ്ജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നത് ഉറപ്പു വരുത്തുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതും പദ്ധതികൾ സമയ ബന്ധിതമായി നടക്കുന്നു എന്നു ഉറപ്പു വരുത്തുന്നതുമാണ്. |
| (ബി) യഥാസമയം പദ്ധതി നിർവഹിക്കാൻ കഴിയാതെ പോയ സാഹചര്യം എന്തായിരുന്നു; | പ്രത്യേക സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) നടപ്പു സാമ്പത്തിക വർഷം ഇതുവരെയായി എത്ര ശതമാനം തുക ചെലവഴിച്ചുവെന്നും, അവശേഷിക്കുന്ന കാലയളവിൽ | നടപ്പു സാമ്പത്തിക വർഷത്തിൽ 28.02.2013 വരെ യുള്ള വകുപ്പ്തല താൽകാലിക കണക്ക് പ്രകാരം പദ്ധതി വിഹിതത്തിന്റെ 55 ശതമാനം ചെലവഴിച്ചിട്ടുണ്ട്. മാർച്ച് മാസാവസാനത്തോടെ |

| | |
|---|---|
| എത്ര ശതമാനം കൂടി വിനിയോഗി ക്കാൻ സാധിക്കുമെന്നും വിശദമാ ക്കാമോ; | മാത്രമേ പദ്ധതി നിർവ്വഹണം സംബന്ധിച്ച പൂർണ്ണരൂപം ലഭ്യമാകുകയുള്ളൂ. |
| (ഡി) തദ്ദേശസ്ഥാപനങ്ങൾക്ക് പഞ്ചവത്സരപദ്ധതി ഏർപ്പെ ടുത്തിയാൽ പദ്ധതി വിഹിതം കൂടുമെന്ന വിലയിരുത്തൽ നടത്തി യിരുന്നോ; | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചവത്സര പദ്ധതി ഏർപ്പെടുത്തുന്നത്കൊണ്ട് പദ്ധതി വിഹിതത്തിൽ പ്രത്യേക വർദ്ധനവൊന്നും ഉണ്ടാകുന്നില്ല. |
| (ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായി ട്ടുണ്ടോ; | |
| (എഫ്) പദ്ധതി തുക ചെലവ ഴിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന സി ആന്റ് എ. ജി.യുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | മാർച്ച് മാസത്തിൽ വർദ്ധിച്ച തോതിൽ തുക ചെലവ ഴിക്കുന്ന പ്രവണത കണക്കിലെടുത്തുകൊണ്ടാണ് 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അവസാനപാദത്തിൽ തുക വർദ്ധിതമായി ചെലവാക്കുന്നത് ഒഴിവാക്കുന്നതിനായി പുതിയ നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (ജി) സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും ചെലവഴി ക്കേണ്ട പദ്ധതി പണത്തിന് എന്തെ ങ്കിലും വ്യവസ്ഥ കൊണ്ടുവന്നിരു ന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശം എത്രത്തോളം പ്രാവർത്തികമാക്കിയെന്ന് വസ്തു തകളിലൂടെ വ്യക്തമാക്കുമോ ? | 02.06.12-ലെ 31/12/ധന. നമ്പർ സർക്കുലർ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും കാര്യക്ഷമമായി പദ്ധതിവിഹിതം വിനിയോഗിക്കുന്നത് ഉറപ്പു വരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സാമ്പത്തിക വർഷത്തിന്റെ ജൂൺ അവസാനം വരെയുള്ള ആദ്യ പാദാന്ത്യത്തിൽ 10 |

ശതമാനവും, സെപ്റ്റംബർ അവസാനം വരെയുള്ള രണ്ടാം പാദാന്ത്യത്തിൽ 30 ശതമാനവും, ഡിസംബർ അവസാനം വരെയുള്ള മൂന്നാം പാദാന്ത്യത്തിൽ 60 ശതമാനവും, മാർച്ച് മാസത്തിൽ 10 ശതമാനത്തിൽ അധികം ചെലവഴിക്കാൻ പാടില്ല എന്ന വ്യവസ്ഥയോടെ അവസാനപാദത്തിൽ ശേഷിക്കുന്ന 40 ശതമാനം തുകയും ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഓരോ പാദത്തിലും പദ്ധതിയിനത്തിൽ ലക്ഷ്യമിട്ടതും ചെലവഴിച്ചതുമായ ശതമാനകണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ലക്ഷ്യം | ചെലവഴിച്ചത് |
|---|---|---|
| ഒന്നാം പാദം | 10 % | 8% |
| രണ്ടാം പാദം | 30% | 23% |
| മൂന്നാം പാദം | 60% | 38 % |

നടപ്പു സാമ്പത്തിക വർഷത്തിൽ 28.02.2013 വരെ യുള്ള വകുപ്പ്തല താൽകാലിക കണക്ക് പ്രകാരം പദ്ധതി വിഹിതത്തിന്റെ 55 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ